II.ഇ.ബി. XII-കേരള നിയമസഭ/XI-7

## പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2009 ജൂൺ 30, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

21 (*181) മത്സ്യഫെഡിന് ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നുള്ള സഹായം

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും മത്സ്യഫെഡിന് 2009-2010 സാമ്പത്തിക വർഷം ആകെ 2660 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും അത് 2008-09 വർഷത്തെ അപേക്ഷിച്ച് 1310 ലക്ഷം രൂപ അധികസഹായമാണെന്നും സഭയെ അറിയിച്ചു. മത്സ്യത്തൊഴിലാളികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടേം വായ്പയും മത്സ്യത്തൊഴിലാളി സ്വയം സഹായ ഗ്രൂപ്പുകൾക്ക് മൈക്രോ ഫൈനാൻസ് വായ്പയും വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾക്കാണ് സഹായം അനുവദിച്ചിട്ടുള്ളത്. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനും അനുബന്ധ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമാണ് ഈ തുക പ്രധാനമായും ഉപയോഗിക്കുന്നത്.

സഹകരണ സംഘങ്ങളിൽ അംഗത്വമെടുത്തിട്ടുള്ള വ്യക്തിയുടെ ഉപജീവനാർത്ഥം പദ്ധതി സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിനെ അടിസ്ഥാനമാക്കി വായ്പ നൽകുന്നതാണ്. 3280 മത്സ്യത്തൊഴിലാളികൾക്ക് ടേം വായ്പയും 17,000 പേർക്ക് മൈക്രോ ഫൈനാൻസ് വായ്പയും വിതരണം ചെയ്യുന്നതു വഴി 20,280 മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. പലിശരഹിത വായ്പാ പദ്ധതിപ്രകാരം 26,493 അപേക്ഷകൾ മത്സ്യഫെഡിന് ലഭിച്ചതിൽ 24,180 പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയും 12,09,00,000 രൂപ ഇതിനുവേണ്ടി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. മത്സ്യഫെഡിന്റെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഈ സാമ്പത്തികവർഷം മത്സ്യഫെഡിന്റെ സഹകരണ സംഘങ്ങളിൽ അംഗത്വമെടുത്തിട്ടുള്ള തൊഴിലാളിക്ക് അപകടമരണം സംഭവിച്ചാൽ നൽകിവരുന്ന ഇൻഷ്വറൻസ് തുക ഒന്നരലക്ഷം രൂപയിൽ നിന്ന് മൂന്നുലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുക്കുകയും 18.5 കോടി രൂപ ചെലവഴിച്ച് കണ്ണൂരിലെ അഴിക്കോട് ഒരു നെറ്റ് ഫാക്ടറി സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി അതിന്റെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അമ്പലപ്പുഴയിൽ മൂന്നുകോടി രൂപ ചെലവഴിച്ച് മരുന്നുല്പാദിപ്പിക്കുന്ന ഒരു ഗ്ലൂക്കോസ് ഫാക്ടറി സ്ഥാപിക്കുന്നതിനും ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ പഞ്ചായത്തിൽ രണ്ടേകാൽ കോടി രൂപ ചെലവഴിച്ച് ഒരു ഫിഷ്മെയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനും കൊല്ലം ജില്ലയിലെ നീണ്ടകര പ്രദേശത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള കമ്മ്യൂണിറ്റി പീലിംഗ് സെന്റർ സ്ഥാപിക്കുന്നതിനുമുള്ള

നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് സ്കീമിൽ നാലിലൊന്നുഭാഗം തൊഴിലാളി അടച്ചാൽ ബാക്കി ഭാഗം ഗവൺമെന്റ് അടച്ച് അവർക്ക് ഇൻഷ്വറൻസ് കവറേജ് ലഭ്യമാക്കുന്നതാണ്. മത്സ്യബന്ധനോപകരണങ്ങൾക്കും വള്ളങ്ങൾക്കും നാശനഷ്ടം സംഭവിച്ചാൽ അംഗത്വമെടുത്തിട്ടുള്ള തൊഴിലാളികൾക്ക് അടിയന്തിര ഇൻഷ്വറൻസ് സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതും അംഗത്വമെടുത്തിട്ടില്ലെങ്കിൽ നാശനഷ്ടത്തിന്റെ കണക്ക് പരിശോധിച്ച് എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് ആലോചിക്കുന്നതുമാണ്. മത്സ്യകേരളം പദ്ധതിയുടെ ഒന്നാംഘട്ടം ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതും രണ്ടാംഘട്ടം ജൂലൈ അവസാനത്തോടുകൂടി ആലപ്പുഴയിൽവച്ച് ഉദ്ഘാടനം ചെയ്യുന്നതുമാണ്. ആദ്യഘട്ടത്തിൽ 2140 ഹെക്ടർ സ്ഥലത്ത് കൊഞ്ച് കൃഷി നടത്തുകയും 5000 ടൺ കൂടുതലായി ഉല്പാദിപ്പിക്കുകയും 48 കോടി രൂപ അധികവരുമാനമുണ്ടാവുകയും ചെയ്തിട്ടുണ്ട്. മത്സ്യകേരളം പദ്ധതി ആവിഷ്ക്കരിച്ചതോടുകൂടി സൂക്ഷ്മമായി പരിശോധന നടത്തി ചെമ്മീൻകുഞ്ഞുകളെ വിതരണം ചെയ്യുന്നതിനും എവിടെയെങ്കിലും വൈറസ്ബാധ കണ്ടാൽ സ്പോട്ട് വിസിറ്റ് നടത്തി പരിഹാരം നിർദ്ദേശിക്കുന്നതിനുമുള്ള ശാസ്ത്രീയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മത്സ്യകേരളം പദ്ധതിയുടെ ഏതെങ്കിലും സ്കീമിൽ ചേരുന്നവർക്ക് മത്സ്യകൃഷിയിൽ നഷ്ടം സംഭവിച്ചാൽ അവർ അടയ്ക്കേണ്ട പ്രീമിയംകൂടി ഗവൺമെന്റ് അടച്ച് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതാണ്. ശീതീകരണ സംഭരണ യൂണിറ്റുകൾ, ജീവനോപാധികൾ എന്നിവയ്ക്കും ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനുമുള്ള സഹായം നൽകുക,

മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുകൂടി പ്രാധാന്യം കൊടുത്തുകൊണ്ട് പ്രവർത്തനം നടത്തുക തുടങ്ങിയ കാര്യങ്ങളാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിതരണത്തിനും ഗുണമേന്മയുള്ള മത്സ്യവിഭവങ്ങൾ വിറ്റഴിക്കുന്നതിനുമുള്ള പ്രത്യേക കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിനും മത്സ്യ സംസ്ക്കരണത്തിനും വിപണനത്തിനുമുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കിവരുന്നു. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ കരകയറ്റുന്നതിനുവേണ്ടി ആവിഷ്ക്കരിച്ച ബീച്ച് ലേലത്തിൽ സഹകരണ സംഘങ്ങളെ പ്രതിനിധീകരിച്ച് ഏകദേശം അരലക്ഷത്തോളം തൊഴിലാളികൾ പങ്കെടുക്കുകയും അതിലൂടെ 12 കോടിയിലധികം രൂപയുടെ മത്സ്യം വിതരണം ചെയ്യുകയും ചെയ്തു. മത്സ്യക്കച്ചവടം നടത്തുന്ന വനിതകൾക്കുവേണ്ടി ഫിഷറീസ് സെക്ടറിലെ 'സാഫ്' വഴി പലിശരഹിത വായ്പ വിതരണം ചെയ്ത് പലിശ സബ്സിഡി നൽകുന്നുണ്ട്. ദേശീയ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് പ്രൈമറി സംഘങ്ങൾവഴി മത്സ്യത്തൊഴിലാളികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന വായ്പയിൽ വർഷങ്ങളായി വന്നിട്ടുള്ള കുടിശ്ശിക സംബന്ധിച്ച് കടാശ്വാസ കമ്മീഷനും ധനകാര്യ വകുപ്പും ഫിഷറീസ് വകുപ്പും പരസ്പരം ആലോചിച്ച് ആശ്വാസ നടപടി സ്വീകരിക്കുന്നകാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. ട്രോളിംഗ് നിരോധനകാലത്ത്, യന്ത്രവൽകൃത ബോട്ടുകളിലെ തൊഴിലാളികൾ, ഹാർബറുകളിലും ഐസ് പ്ലാന്റുകളിലും ജോലിചെയ്യുന്ന തൊഴിലാളികൾ, പീലിംഗ് തൊഴിലാളികൾ എന്നിവർക്ക് സൗജന്യ റേഷൻ കൊടുക്കുന്നതിന് തീരുമാനിക്കുകയും ഈ കാലയളവിലെ സമാശ്വാസ

നടപടിയായി 1200 രൂപ നൽകിയിരുന്നത് 1800 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളി എന്ന നിർവ്വചനത്തിൽ വരുന്ന മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും കിലോഗ്രാമിന് രണ്ടുരൂപ നിരക്കിലുള്ള അരിയുടെ ആനുകൂല്യം ലഭ്യമാകുന്നതാണ്. പെൻഷൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭ്യമാക്കുന്നതുസംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഗാർഹികാവശ്യത്തിനായി കേന്ദ്രഗവൺമെന്റ് അനുവദിച്ചുതരുന്ന മണ്ണെണ്ണയിൽ ഒരു ഭാഗം സംസ്ഥാന സിവിൽസപ്ലൈസ് വകുപ്പും ഫിഷറീസ് വകുപ്പുമായി അലോചിച്ച് മത്സ്യബന്ധനത്തിനായി മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ നൽകിവരുന്ന സംവിധാനമാണ് ഇപ്പോഴുള്ളത്. അത് മത്സ്യഫെഡ് വഴി വിതരണം ചെയ്യണമോ എന്നതുസംബന്ധിച്ച് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കാസർഗോഡ് ജില്ലയിൽ തീരദേശ വികസന പദ്ധതിയുടെ ഭാഗമായി 6.2 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 90% വർക്കും പൂർത്തീകരിച്ചു. കാസർഗോഡു മുതൽ പാറശ്ശാലവരെയുള്ള ഉൾനാടൻ മേഖലയുടേയും തീരദേശ മേഖലയുടേയും സമഗ്ര വികസനം അടിസ്ഥാനമാക്കി ഒരു പ്രത്യേക കോർപ്പറേഷൻതന്നെ ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. ഫിഷറീസ് ഡയറക്ടർ കൺവീനറായിട്ടുള്ള വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരടങ്ങുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പീലിംഗ് തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അർത്തുങ്കൽ മിനി ഫിഷിംഗ് ഹാർബറിന്റെ ആദ്യഘട്ട പ്രവർത്തനം ഫിനിഷിംഗ്

സ്റ്റേജിലാണ്. രണ്ടാംഘട്ട പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിനെ ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്. താനൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം സംബന്ധിച്ച് മദ്രാസ് ഐ.ഐ.ടി.യുടേയും പൂന ആസ്ഥാനമായുള്ള കേന്ദ്രഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റേയും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി വയബിളാണെന്നുകണ്ടാൽ നടപടി സ്വീകരിക്കുന്നതാണെന്നും വലിയതുറ മിനി ഫിഷിംഗ് ഹാർബർ സംബന്ധിച്ച് ലഭിച്ചിട്ടുള്ള പഠന റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും ഹാർബർ മോണിറ്ററിംഗ് കമ്മിറ്റിയുടെ അഭിപ്രായവും മദ്രാസ് ഐ.ഐ.ടി,യുടെ പഠന റിപ്പോർട്ടും പരിശോധിച്ച് മുതലപ്പൊഴി ഫിഷിംഗ് ഹാർബർ കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

22(*182) പോലീസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും കേന്ദ്ര സഹായം

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, പോലീസ് സേനയുടെ നവീകരണം സംബന്ധിച്ച 2009-2010-ന്റെ (MoPF) പദ്ധതി വിഹിതം, കേരളാ പോലീസിന്റെ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് സിസ്റ്റം (1625 ലക്ഷം രൂപ) സംബന്ധിച്ച പ്രോജക്ട് പ്രൊപ്പോസൽ, കേരളാ പോലീസിൽ സൈബർ ഫോറൻസിക് ഡിജിറ്റൽ അനാലിസിസ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനത്തിനുള്ള (1.69 കോടി രൂപ) ധനസഹായം, നാഷണൽ മറൈൻ

പോലീസ് അക്കാഡമിയുടെ രൂപീകരണം, തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് ബോട്ട് വാടകയ്ക്കെടുത്ത് പട്രോളിംഗ് നടത്തുന്നതിനുള്ള പി.ഒ.എൽ ചാർജ്ജായി മൂന്നു ലക്ഷം രൂപയ്ക്കുള്ള അനുമതി, കേരള റെയിൽവേ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ, ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സിനുള്ള 1.25 കോടി രൂപയുടെ ധനസഹായം, റീജിയണൽ ഫോറൻസിക് ലബോറട്ടറിയുടെയും ജില്ലാ മൊബൈൽ ഫോറൻസിക് ലബോറട്ടറിയുടെയും രൂപീകരണം, നീതിന്യായ വകുപ്പിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 42.48 കോടി രൂപയുടെ ധനസഹായം, ജയിലുകളുടെ നവീകരണത്തിനായി 536.66 കോടി രൂപയുടെ ഫയർ ഫോഴ്സിന്റെ നവീകരണം (93.39 കോടി രൂപ) എന്നിവയ്ക്കുള്ള ധനസഹായം എന്നിവയാണ് കേന്ദ്രത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. ഇതിൽ പോലീസ് സേനയുടെ നവീകരണത്തിനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസലിൽ 2009-10-ലെ പദ്ധതി വിഹിതത്തിന്റെ ആദ്യഗഡുവായി 3.73 കോടി രൂപ കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. കേരളത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള 8 തീരദേശ പോലീസ് സ്റ്റേഷനുകൾക്കായി 24 ബോട്ടുകൾ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നതിൽ ഒരു ബോട്ട് കിട്ടിയിട്ടുണ്ട്. സൈബർ സെന്റർ (സൈബർ ഫോറൻസിക് ആന്റ് ഡിജിറ്റൽ അനാലിസിസ് വിംഗ്) കേരള പോലീസിൽ ആരംഭിക്കുന്നതിന് 168.82 ലക്ഷം രൂപയുടെ സഹായം അഭ്യർത്ഥിച്ചതിൽ 130 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. എസ്.എം.എസ്. (സ്പെഷ്യൽ മൊബൈൽ സ്ക്വാഡ്)-ന്റെ ചെലവിലേയ്ക്കായി 1999-2000 മുതൽ 2008-2009

വരെ 3,01,35,099 രൂപയുടെ സഹായം അഭ്യർത്ഥിച്ചിരുന്നതിൽ 29,51,750 രൂപ ലഭിച്ചിട്ടുണ്ട്. തീരദേശ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 2005-06-ൽ 98.80 ലക്ഷം രൂപ കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. 2006-07-ൽ നീണ്ടകര പോലീസ് സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും, ജീപ്പ്, മോട്ടോർ സൈക്കിൾ എന്നിവ വാങ്ങുന്നതിനും വേണ്ടി 19.80 ലക്ഷം രൂപ കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്. 2006-07-ൽ പി.ഒ.എൽ. ചാർജ്ജായി രണ്ടുലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. കൂടാതെ 1,30,000 രൂപ വരെ ബോട്ടു വാടക യിനത്തിൽ ചെലവായ തുക റീ-ഇംബേഴ്സ് ചെയ്യുന്നതിന് അനുവദിച്ചുകൊ ണ്ടുള്ള നിർദ്ദേശങ്ങളും കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. തീരദേശ സുരക്ഷ യുടെ ഭാഗമായി നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ ഉപയോഗത്തി നായി 12 ടണ്ണിന്റെ ഒരു ബോട്ട് ഉടനെ ലഭിക്കുന്നതാണ്. കടലിൽ നടക്കുന്ന കാര്യങ്ങൾ പോലീസിനെ അറിയിക്കാനായി കടലോരത്തെ മത്സ്യത്തൊഴിലാളികളെ ബന്ധപ്പെടുത്തി എല്ലാ പോലീസ് സ്റ്റേഷനുകളിലും കടലോര ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റ്, ഇന്റലിജൻസ്, കോസ്റ്റ്ഗാർഡ്, നേവി എന്നിവ ചേർന്നുകൊണ്ടുള്ള ഒരു സംവിധാനമാണ് തീരദേശ സുരക്ഷയ്ക്കുവേണ്ടി ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര ഏജൻസികളും സംസ്ഥാന ഏജൻസികളും തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കാനും ആഭ്യന്തര വകുപ്പുസെക്രട്ടറിയുടെ നേതൃത്വത്തിൽ ഇവരുടെ കമ്മിറ്റി വിളിച്ചുകൂട്ടി ആശയവിനിമയം നടത്താനും കേന്ദ്ര ഇന്റലിജൻസുമായി ബന്ധപ്പെട്ട് വിവരങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിലെ പോലീസ് ഓഫീസർമാരുടെ സഹകരണത്തോടെ

അതിർത്തിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം പുതുതായി ന്യൂ മാഹി, വിദ്യാനഗർ, തലയോലപ്പറമ്പ്, പുത്തൂർ, ആലുവ ഈസ്റ്റ് എന്നിവിടങ്ങളിലായി അഞ്ചു പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നു. മറ്റു സംസ്ഥാനങ്ങളിലുണ്ടാകുന്ന തീവ്രവാദത്തിന്റെ അലയൊലികൾ കേരളത്തിലുമുണ്ടാകുന്നതിന്റെ ഭാഗമായി ഇവ അന്വേഷിക്കുന്നതിന് കേന്ദ്ര ഇന്റലിജൻസുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടുള്ള ക്രമീകരണങ്ങളുണ്ടാക്കിയിട്ടുണ്ട്. കൂടാതെ ഇന്റേണൽ സെക്യൂരിറ്റിക്കാ വശ്യമായ ജാഗ്രതാ നടപടികളും സ്വീകരിച്ചുവരുന്നു. കേരളത്തിൽ ഇന്ത്യാ റിസർവ് ബറ്റാലിയൻ രൂപീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുകയും 23 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് സേനയിൽ വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി വനിതാ എസ്.ഐ.മാരെ നേരിട്ട് റിക്രൂട്ട് ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. വനിതാ പോലീസുകാരുടെ പ്രശ്നങ്ങൾ ഉന്നതതലത്തിൽതന്നെ പരിഹരിക്കുന്നതിനുള്ള ക്രമീകരണം പോലീസ് ഡിപ്പാർട്ടുമെന്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും വനിതാ ഹെൽപ്പ്ലൈൻ സംവിധാനമുണ്ടാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന എല്ലാ സ്റ്റേഷനിലും പരാതിയുമായി വരുന്നവർക്ക് ഇരിക്കാനുള്ള സംവിധാനമുണ്ടാക്കുന്നതും സ്റ്റേഷനുകളിൽ സ്ത്രീകൾക്ക് മാന്യമായ പരിചരണം ലഭ്യമാക്കാനുള്ള നിർദ്ദേശം നൽകുന്നതുമാണ്. ആഭ്യന്തര വകുപ്പും ആരോഗ്യവകുപ്പുമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട ആശുപത്രികളിൽ ചികിത്സ തേടി വരുന്ന തടവുകാർക്കായി ചില ക്രമീകരണങ്ങളുണ്ടാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

ആശുപത്രികളിൽ തടവുകാർക്ക് കാവൽ നിൽക്കുന്ന വനിതാ പോലീസുകാരെക്കൊണ്ട് രോഗിയെ പരിചരിപ്പിക്കുന്ന സ്ഥിതി സംബന്ധിച്ച് പരിശോധിക്കുന്നതാണ്. പോലീസുകാരുടെ ക്രഡിബിലിറ്റി ഉറപ്പുവരുത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതോടൊപ്പം അവരുടെ ക്വാളിറ്റിയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ വർഷങ്ങളായി ചില തെറ്റായ പ്രവണതകൾ പിന്തുടരുന്ന അപൂർവ്വം ചില പോലീസുകാരെ പ്രത്യേകമായി നിരീക്ഷിച്ച് റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസുകാരുടെ ട്രെയിനിംഗിൽ കാലോചിതമായ പരിഷ്ക്കാരം വരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയുധശേഖരണവും ബോംബുനിർമ്മാണവും റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് അവ കണ്ടുപിടിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുന്നതിനും അതിനുവേണ്ടി പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്നതിനും നിർദ്ദേശം നൽകുന്നതാണെന്നും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തമ്പാനൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഗവൺമെന്റ് സന്നദ്ധമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

23 (* 183) <u>കെ.എസ്.ആർ.ടി.സി.ക്ക് നികുതിയിളവ് അനുവദിക്കാൻ നടപടി</u>

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഡീസൽ വിലയിൽ സെയിൽസ് ടാക്സ് ഉൾപ്പെടുന്നുണ്ടെന്നും ഡീസലിന്റെ നികുതി നിരക്ക് 24.69 ശതമാനമാണെന്നും സഭയെ അറിയിച്ചു. ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം ഇന്ധനക്ഷമത ഉയർത്തിയത് ഉൾപ്പെടെയുള്ള ചില നടപടികളുടെ ഫലമായി കെ.എസ്.ആർ.ടി.സി.യിലെ പ്രതിവർഷ ചെലവ് 72 കോടി രൂപ കുറയ്ക്കാനും 200 കോടിയിൽപ്പരം രൂപയുടെ വരുമാനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ശമ്പള പരിഷ്ക്കരണം കഴിഞ്ഞപ്പോൾ പ്രതിമാസം 19.5 കോടിരൂപ നഷ്ടം വരുന്നുണ്ട്. ഇതിനുപരിഹാരമായി ഫിനാൻഷ്യൽ റീസ്ട്രക്ചറിംഗ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.ക്ക് ഗ്രാന്റായും വായ്പയായും പ്രതിവർഷം 93 കോടി രൂപ വീതം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളും റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള സംയുക്ത സംരംഭമായിട്ടാണ് ഹൈടെക് ബസ്സുകളുടെ പർച്ചേസിംഗും ഓപ്പറേറ്റിംഗും വിഭാവനം ചെയ്യുന്നതെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1449 മുതൽ 1713 വരെയുള്ള ചോദ്യങ്ങളിൽ 197 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)